**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കണ്ണൂർ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി സേവനമനുഷ്ഠിച്ച, കണ്ണൂർ ഇരിട്ടി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ശ്രീ ഉസ്മാൻ ചാലിയാടന്റെ അന്യത്ര സേവന കാലാവധി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2419/2018/തസ്വഭവ. തിരുവനന്തപുരം, തീയതി 14/09/2018**

---

പരാമർശം:- 1. 14.12.2012 - ലെ സ.ഉ(സാധാ)3474/12/തസ്വഭവ .
2. 02.07.2014 - ലെ സ.ഉ(സാധാ)1692/14/തസ്വഭവ.
3. ഇരിട്ടി നഗരസഭാ ചെയർമാന്റെ 08/06/2018 ലെ കത്ത്.

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ശ്രീ ഉസ്മാൻ ചാലിയാടൻ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഇരിട്ടി നഗരസഭ, 05.02.2013 - ൽ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്ര സേവനവ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുകയും പരാമർശം (2) ലെ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്കു കൂടി ടിയാന്റെ അന്യത്രസേവനം ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. ശ്രീ. ഉസ്മാൻ ചാലിയാടൻ ഉത്തരവില്ലാതെ ജോലിയിൽ തുടർന്ന 05/02/2015 മുതൽ 30.01.2016 വരെയുള്ള കുടുംബശ്രീയിലെ സേവനം അന്യത്രസേവന കാലയളവായി ക്രമീകരിച്ച് നൽകണമെന്ന് പരാമർശം (3) ലെ കത്തു പ്രകാരം ഇരിട്ടി നഗരസഭാ ചെയർമാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഉസ്മാൻ ചാലിയാടൻ സർക്കാർ ഉത്തരവില്ലാതെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിൽ സേവനമനുഷ്ഠിച്ച 05.02.2015 മുതൽ 30.01.2016 വരെയുള്ള കാലയളവ് അന്യത്ര സേവനമായി കണക്കാക്കി ക്രമീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

ബന്ധപ്പെട്ട വ്യക്തിക്ക്(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**